**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1911** **20-06-2024 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര കായിക ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അന്താരാഷ്ട്ര കായിക ഉച്ചകോടി (ഐ.എസ്.എസ്.കെ.) പ്രകാരം എത്ര രൂപയുടെ നിക്ഷേപമാണ് കായിക വകുപ്പിന് ലഭ്യമായത്; പ്രസ്തുത ഉച്ചകോടി മുഖേന ഏതൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു സംസ്ഥാനം സംഘടിപ്പിക്കുന്ന കായിക ഉച്ചകോടിയിൽ കായിക സാമ്പത്തിക വ്യവസ്ഥയിലൂന്നിയുള്ള നിരവധി സെഷനുകൾ സംഘടിപ്പിച്ചു. കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി 27 പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.<br><br>ഫുഡ്ബോൾ പ്രതിഭകളെ കണ്ടെത്താനും പരിശീലനം നല്കുവാനും ഖേലോ ഇന്ത്യ ഫുഡ്ബോൾ മുഖേന 14 ജില്ലകളിൽ സെലക്ഷൻ നടത്തുവാൻ തീരുമാനമായി. കൂടാതെ RBS-മായി ചേർന്ന് റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 150 പരിശീലകർക്ക് പരിശീലനം നല്കാനായി 'Train the Trainers' പ്രോഗ്രാം തുടങ്ങുവാൻ തീരുമാനമായി. ഒപ്പം കുട്ടികളുടെ വേൾഡ് |

| | | | |
|---|---|---|---|
| | | | കപ്പ് കളിക്കാൻ സ്പോർട്സ് സ്കൂളിലെ കുട്ടികളെ കൊണ്ടുപോകാനുള്ള ചർച്ച പരോഗമിക്കുകയാണ്. KCA, KFA എന്നിവർ മുന്നോട്ടുവച്ച പദ്ധതികൾ സംബന്ധിച്ച് പരിശോധനകൾ പുരോഗമിക്കുകയാണ്. GCDA-യുമായി ചേർന്ന് കൊച്ചിയിലെ അവരുടെ കീഴിലുള്ള സ്ഥലങ്ങളിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. NBF ഫിറ്റ്നസ് അക്കാഡമി വഴി കേരളത്തിലെ പഞ്ചായത്തുകളിലും കോളേജുകളിലും ഫിറ്റ്നസ് സ്ക്വോഡുകൾ സ്ഥാപിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. ഒപ്പം 10 ഇടങ്ങളിൽ പൈലറ്റ് സ്റ്റഡി നടത്താൻ തീരുമാനിച്ചു.<br><br>ലെജൻസ് ഫൗണ്ടേഷനുമായി ചേർന്ന് കേരളത്തിൽ 3 ബാസ്കറ്റ്ബോൾ ഉന്നത പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ ചർച്ചകൾ പുരോഗമിക്കുന്നു. സോഷ്യൽ ക്ലബ്ബുകളുമായി ചേർന്ന് 140 നിയോജക മണ്ഡലങ്ങളിൽ ഒരു സ്കൂളിൽ വീതം ഹെൽത്തി കിഡ്സ് പദ്ധതി തുടങ്ങാൻ നടപടികൾ പുരോഗമിക്കുന്നു. Decathlon-മായി ചേർന്ന്, സംസ്ഥാനത്തെ 70 സ്കൂളുകളിൽ കായികോപകരണങ്ങൾ വിതരണം ചെയ്യാൻ ധാരണയാവുന്നു.<br><br>ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചിട്ടുണ്ട്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കായിക ഉച്ചകോടിയുടെ ഭാഗമായി കായികരംഗത്ത് കേരളത്തെ സൂപ്പർ പവർ ആക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് തലത്തിലേക്ക് കായിക പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | കായിക ഉച്ചകോടിയുടെ മുന്നോടിയായി ജില്ലാ സമ്മിറ്റുകൾ, തദ്ദേശ തലത്തിൽ മൈക്രോ സമ്മിറ്റുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ് മേഖലകളിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ തദ്ദേശീയ തലത്തിൽ കൂടി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഓരോ പ്രൊപ്പോസലുകളും വിഭാവനം ചെയ്യുന്ന രീതിയിൽ തദ്ദേശ തലത്തിലെ വിവിധ ഏജൻസികൾ മുഖാന്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ